**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **11.02.2020-ൽ മറുപടിക്ക്**

**നമ്പർ.1923**

**പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി**

**ചോദ്യം** **ഉത്തരം**

**ശ്രീ.പി.സി.ജോർജ്** **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള വിവിധ സമയങ്ങളിൽ അവസാനിക്കുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി 1 വർഷം കൂടി നീട്ടുന്നകാര്യം സർക്കാർ പരിഗണിക്കുമോ; | (എ) | റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല. |
| (ബി) | മുൻവർഷങ്ങളെ അപേക്ഷിച്ച് ഒഴിവുകളിൽ ഗണ്യമായ കുറവുണ്ടായതിനാൽ വിവിധ വിഷയങ്ങളിലെ അദ്ധ്യാപക തസ്തികയടക്കമുള്ള ലിസ്റ്റുകളിൽ നിന്നും വളരെക്കുറച്ച് നിയമനം മാത്രമേ നടന്നിട്ടുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) യും (സി) യും | ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി സംബന്ധിച്ച് വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകൾ നടത്തി വരുന്നു. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇനിയൊരു അദ്ധ്യാപക നിയമനത്തിന് അപേക്ഷിക്കാൻ കഴിയാത്തവരും, പ്രായപരിധി കടന്നിട്ടുള്ളവരുമായ ഒട്ടേറെപേർ ഈ ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ